**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3711** **06-08-2021 - ല്‍ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്ക് വീടും സ്ഥലവും അനുവദിക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോന്‍സ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പന്‍** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങള്‍ക്ക് വാസയോഗ്യമായ വീട് അനുവദിക്കുന്നത് സംസ്ഥാന സര്‍ക്കാര്‍ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ലൈഫ് മിഷന്‍-സമ്പൂര്‍ണ്ണ ഭവന പദ്ധതി പ്രകാരമാണ്. ടി പദ്ധതി പ്രകാരം ഭവനരഹിതരുടെ പട്ടികയില്‍ ഉള്‍പ്പെട്ടവര്‍ക്കും ഭൂരഹിതരുടെ പട്ടികയില്‍ നിന്നും സ്വന്തം നിലയ്ക്കോ സര്‍ക്കാര്‍/സര്‍ക്കാതിര ഏജന്‍സികളുടെ സഹായത്താലോ ഭൂമി ആര്‍ജിക്കുന്നവര്‍ക്കും വീട് നിര്‍മ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ഭൂരഹിതരുടെ പട്ടികയില്‍ ഉള്‍പ്പെട്ട പട്ടികജാതി കുടുംബങ്ങള്‍ക്ക് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലൈഫ് മിഷന്‍ ഗുണഭോക്തൃ ലിസ്റ്റില്‍ നിന്നും തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കള്‍ക്ക് ഗ്രാമപഞ്ചായത്ത് പരിധിയില്‍ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും, മുനിസിപ്പാലിറ്റി പരിധിയില്‍ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും, കോര്‍പ്പറേഷന്‍ പരിധിയില്‍ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും അനുവദിക്കുന്നുണ്ട്. കഴിഞ്ഞ സര്‍ക്കാര്‍ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷന്‍ പദ്ധതി മുഖേനയാണ് നിലവില്‍ പട്ടികവര്‍ഗ്ഗക്കാര്‍ക്കും വീട് അനുവദിച്ചു വരുന്നത്. കൂടാതെ ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നല്‍കി പുനരധിവസിപ്പിക്കുന്ന പട്ടിക വര്‍ഗ്ഗക്കാര്‍ക്ക് ആദിവാസി പുനരധിവാസ വികസന മിഷന്‍ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി |

| | | | |
|---|---|---|---|
| | | | ടി.ആർ.ഡി.എം മുഖേന ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നിക്ഷിപ്ത വനഭൂമി പ്രസ്തുത വിഭാഗക്കാർക്കായി വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രാനുമതിയുടെയും സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ നിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി 4731 പേർക്ക് 5333.14 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. (അനുബന്ധം കാണുക) സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ വാസയോഗ്യമല്ലെന്നു കണ്ടെത്തിയ ഭൂമിക്കു പകരം ഭൂമി ലഭ്യമാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വിലനിർണ്ണയം പൂർത്തിയാക്കിയ ഭൂമി പ്രസ്തുത വിഭാഗങ്ങളിലെ അർഹരായവർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 53.27 ഏക്കർ ഭൂമി വാങ്ങിയതിൽ 15.7 ഏക്കർ ഭൂമി 108 പേർക്ക് വിതരണം ചെയ്തു. ശേഷിക്കുന്ന 37.57 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 19.96 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കറിൽ) |
|---|---|---|
| പാലക്കാട് | 2686 | 2172.22 |
| മലപ്പുറം | 62 | 99.73 |
| വയനാട് | 1833 | 2986.19 |
| കാസർഗോഡ് | 150 | 75 |
| **ആകെ** | **4731** | **5333.14** |

സെക്ഷൻ ഓഫീസർ